# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25-12-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ കായികമേളകൾ യുവജന ങ്ങളുടെ കഴിവ് വികസിപ്പിക്കുന്നതിനോടൊ പ്പം രാഷ്ട്ര നിർമാണ ത്തിനും നിർണായക പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

Prime Minister Narendra Modi has said that sports events in the country play a crucial role in developing the talent of the youth and also in nation building.

2. യേശുക്രിസ്തുവിന്റെ തിരുപ്പിറവിയുടെ സ്മരണയിൽ ലോകം ഇന്ന് ക്രിസ്മസ് ആഘോഷിക്കുന്നു. ക്രിസ്മസ് ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഡൽഹിയിലെ നോർ ത്ത് അവന്യൂവിലുള്ള സി.എൻ.ഐ സഭയുടെ റിഡംപ്ഷൻ കത്തീഡ്രൽ ചർച്ച് സന്ദർശിച്ചു.

The world is celebrating Christmas today in memory of the birth of Jesus Christ. On Christmas Day, Prime Minister Narendra Modi visited the Redemption Cathedral Church of the CNI Church on North Avenue in Delhi.

3. മുൻപ്രധാനമന്ത്രി അടൽബിഹാരി വാജ്പേയിയുടെ ജന്മവാർഷികദിനമായ ഇന്ന് രാഷ്ട്രം സദ്ഭരണദിനമായി ആചരിക്കുന്നു.

Today, the birth anniversary of former Prime Minister Atal Bihari Vajpayee, is being observed as Good Governance Day in the country.

4. കേരളത്തിൽ, കോർപറേഷൻ മേയർ, ഡെപ്യൂട്ടി മേയർ, മുനിസിപ്പാലിറ്റി ചെയർപഴ്സൺ, വൈസ് ചെയർപഴ്സൺ പദവികളിലേക്കുള്ള തിരഞ്ഞെടുപ്പ് നാളെ നടക്കും.

In Kerala, elections for the posts of Corporation Mayor, Deputy Mayor, Municipality Chairperson and Vice Chairperson will be held tomorrow.

5. രാജ്യത്ത് മലേറിയ കേസുകളിൽ 80 ശതമാനത്തിലധികവും മരണങ്ങൾ 78 ശതമാനവും കുറഞ്ഞതായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ജെ പി നഡ്ഡ.

Union Health and Family Welfare Minister JP Nadda said that malaria cases in the country have decreased by more than 80 percent and deaths by 78 percent.

6. ആഭ്യന്തര യുദ്ധങ്ങൾക്ക് ധനസഹായം നൽകുന്നതിനായുള്ള വജ്ര വില്പന തടയാനുള്ള സെർട്ടിഫിക്കേഷൻ പദ്ധതിയായ കിംബർലി പ്രോസസ്സിന്റെ അധ്യക്ഷസ്ഥാനം 2026 ജനുവരി 1 മുതൽ ഇന്ത്യ ഏറ്റെടുക്കും.

India will assume the chairmanship of the Kimberley Process, from January 1, 2026.

&&&&&&&&&&&&&&&&&&

**HEADLINE-1**

**PM- SANSAD KHEL (INTRO)**

*രാജ്യത്തെ കായികമേളകൾ യുവജനങ്ങളുടെ കഴിവ് വികസിപ്പിക്കുന്നതിനോടൊപ്പം രാഷ്ട്ര നിർമാണത്തിനും നിർണായക പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. 2025 ലെ സൻസദ് ഖേൽ മഹോത്സവത്തിന്റെ സമാപന ചടങ്ങിനെ വെർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. സൻസദ് ഖേൽ മഹോത്സവിലൂടെ ആയിരക്കണക്കിന് കഴിവുറ്റ അത്ലറ്റുകളെ രാജ്യത്തിന് ലഭിച്ചതായും അദ്ദേഹം പറഞ്ഞു.*

*(ഹോൾഡ് - വോയിസ്)*

***രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവകായിക താരങ്ങളുമായി പ്രധാനമന്ത്രി സംവദിച്ചു. കേന്ദ്ര കായിക യുവജനകാര്യമന്ത്രി മൻസുഖ് മാണ്ഡവ്യ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.***

&&&&&&&&&&&&&&&&&&

**HEADLINE-2**

**PM–CNI CHURCH**

സ്നേഹത്തിന്റെയും പ്രത്യാശയുടെയും സന്ദേശവുമായി ക്രിസ്തുമസിനെ വരവേറ്റ് ലോകം. യേശുക്രിസ്തുവിന്റെ തിരുപ്പിറവിയുടെ ഓർമ പുതുക്കുകയാണ് ക്രൈസ്തവ വിശ്വാസികൾ.ക്രിസ്മസ് ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ളവർ രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു. പ്രധാനമന്ത്രി ഡൽഹിയിലെ നോർത്ത് അവന്യൂവിലുള്ള സി.എൻ.ഐ സഭയുടെ റിഡംപ്ഷൻ കത്തീഡ്രൽ ചർച്ച് സന്ദർശിച്ചു. രാവിലെ 8.30 ഓടെ ദേവാലയത്തിലെത്തിയ പ്രധാനമന്ത്രി കുർബാനയടക്കമുള്ള പ്രാർഥനാ ചടങ്ങുകളിൽ പങ്കെടുത്തു. ബിജെപി കേരള അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ അടക്കമുള്ളവർ പ്രധാനമന്ത്രിക്കൊപ്പമുണ്ടായിരുന്നു.

&&&&&&&&&&&&&&&&&&

**PM LUCKNOW**

മുൻപ്രധാനമന്ത്രി അടൽബിഹാരി വാജ്‌പേയിയുടെ ജന്മവാർഷികദിനമായ ഇന്ന് രാഷ്ട്രം സദ്ഭരണദിനമായി ആചരിക്കുന്നു. അദ്ദേഹത്തിന്റെ 101-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ലക്നൗ സന്ദർശിക്കും. ഉച്ചയ്ക്ക് 'രാഷ്ട്ര പ്രേരണ സ്ഥൽ' പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തെ ശ്രീ മോദി അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&

**HEADLINE-4**

## PM – VAJPAYEE

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്‌പേയിയുടെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചു. അടൽ ബിഹാരി വാജ്‌പേയി തൻ്റെ ജീവിതം മുഴുവൻ സത് ഭരണത്തിനും രാഷ്ട്രനിർമ്മാണത്തിനുമായി സമർപ്പിച്ചുവെന്ന് സാമൂഹിക മാധ്യമത്തിൽ പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## LOKBHAVAN

സദ്ഭരണത്തിന് പ്രധാന്യം നൽകിയ മഹദ് വ്യക്തിത്വമായിരുന്നു മുൻ ഇന്ത്യൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്‌പേയിയെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. സദ്ഭരണ ദിനത്തിൽ വാജ്‌പേയിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. അവസാന വരിയിലെ അവസാന വ്യക്തിക്ക് വരെ സേവനം നൽകുകയും ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് സദ്ഭരണം കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. പരിപാടിയ്ക്കെത്തിയ എല്ലാവർക്കും ഗവർണർ ഊഷ്മളമായ ക്രിസ്മസ് ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&

## MP GROWTH SUMMIT

അഭ്യുദയ് മധ്യപ്രദേശ് വളർച്ചാ ഉച്ചകോടി മധ്യപ്രദേശിലെ ഗ്വാളിയോറിൽ പുരോഗമിക്കുന്നു. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, മുഖ്യമന്ത്രി മോഹൻ യാദവ് തുടങ്ങിയ പ്രമുഖർ പങ്കെടുക്കും. പരിപാടിക്കിടെ 2 ലക്ഷം കോടി രൂപയിലധികം മൂല്യമുള്ള നിക്ഷേപപദ്ധതിക്കായി ഭൂമി അനുവദിക്കും. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്‌പേയിയുടെ ജന്മവാർഷികത്തോടനുബന്ധിച്ചാണ് ഉച്ചകോടി സംഘടിപ്പിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&

## HEADLINE-6

**Kimberley Process**

ആഭ്യന്തര യുദ്ധങ്ങൾക്ക് ധനസഹായം നൽകുന്നതിനായുള്ള വജ്ര വില്പന തടയാനും നിയമാനുസൃത വജ്ര വ്യാപാരം സംരക്ഷിക്കുന്നതിനുമുള്ള സെർട്ടിഫിക്കേഷൻ പദ്ധതിയായ കിംബർലി പ്രോസസ്സിന്റെ അധ്യക്ഷസ്ഥാനം 2026 ജനുവരി 1 മുതൽ ഇന്ത്യ ഏറ്റെടുക്കും. സർക്കാരുകൾ, അന്താരാഷ്ട്ര ഡയമണ്ട് വ്യവസായം, സിവിൽ സൊസൈറ്റി എന്നിവ ഉൾപ്പെടുന്ന ഒരു ത്രികക്ഷി സംരംഭമാണ് കിംബർലി പ്രോസസ്. ഐക്യരാഷ്ട്ര സുരക്ഷാ കൗൺസിൽ പ്രമേയങ്ങളുടെ അടിസ്ഥാനത്തിലാണ് സംരംഭം പ്രവർത്തിക്കുന്നത്. ഇത് മൂന്നാം തവണയാണ് കിംബർലി പ്രോസസ്സിൻറെ അധ്യക്ഷസ്ഥാനം ഇന്ത്യയെ തേടിയെത്തുന്നത്.

&&&&&&&&&&&&&&&&&&

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നാളെ വരെ അറിയിക്കാം.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........**

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**SIR**

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും സ്വീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. കരടു

പട്ടികയിൽ ഉൾപ്പെടാത്ത ASD പട്ടികയിൽ ഉള്ളവരും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനായി അപേക്ഷയും സത്യവാങ്മൂലവും നൽകണം.

&&&&&&&&&&&&&&&&&

**HEADLINE-3**

**MAYOR**

കേരളത്തിൽ, കോർപറേഷൻ മേയർ, ഡെപ്യൂട്ടി മേയർ, മുനിസിപ്പാലിറ്റി ചെയർപഴ്സൺ, വൈസ് ചെയർപഴ്സൺ പദവികളിലേക്കുള്ള തിരഞ്ഞെടുപ്പ് നാളെ നടക്കും. മേയർ, ചെയർപഴ്സൻ തിരഞ്ഞെടുപ്പ് രാവിലെ 10.30 നും ഡപ്യൂട്ടി മേയർ, വൈസ് ചെയർ പഴ്സൻ തിരഞ്ഞെടുപ്പ് ഉച്ചയ്ക്ക് ശേഷം 2.30 നുമാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായ ത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് 27നു രാവിലെ 10.30 നും വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് 2.30 നും നടക്കും. കഴിഞ്ഞ ദിവസം സത്യപ്രതിജ്ഞ ചെയ്ത തദ്ദേശ സ്ഥാപന അംഗങ്ങൾക്കു മാത്രമേ അധ്യ ക്ഷ, ഉപാധ്യക്ഷ സ്ഥാനങ്ങളിലേക്കു മത്സരിക്കാനും വോട്ട് ചെയ്യാനും കഴിയൂ.

&&&&&&&&&&&&&&&&&

**HEADLINE-5**

**JP NADDA–HEALTH (INTRO)**

*രാജ്യത്ത് മലേറിയ കേസുക ൾ 80 ശതമാനത്തിലധികവും മരണങ്ങൾ 78 ശതമാനവും കുറഞ്ഞതായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ജെ പി നഡ്ഡ. ന്യൂഡൽഹിയിൽ നടന്ന അഡ്വാൻസിംഗ് പബ്ലിക് ഹെൽത്ത് ഔട്ട്കംസ് ഫോറം 2025 നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയിലൂടെ രോഗികളുടെ കയ്യിൽ നിന്നുള്ള ചിലവ് 69 ശതമാനത്തിൽ നിന്ന് 39 ശതമാനമായി കുറച്ചു. രണ്ടായിരം പേർക്ക് ഒരു ആയുഷ്മാൻ ആരോഗ്യ മന്ദിർ വീതം സ്ഥാപിക്കുകയാണ് ലക്ഷ്യം. പ്രാഥമിക ആരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് ഇത് പ്രതിഫലിപ്പിക്കുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു.*

*(വോയിസ്)*

&&&&&&&&&&&&&&&&&&

**PM – CHITRADURGA**

ഇന്ന് പുലർച്ചെ കർണാടകയിലെ ചിത്രദുർഗ ജില്ലയിൽ സ്വകാര്യ ബസ് ലോറിയുമായി കൂട്ടിയിടിച്ചുണ്ടായ തീപിടിത്തിൽ പത്തോളം പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട്. അപകടത്തിൽ രാഷ്ട്രപതി ദ്രൗപതു മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും ധനസഹായം പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

**SABARIMALA (INTRO)**

***ശബരിമല ശാസ്താവിനു മണ്ഡല പൂജയ്ക്ക് ചാർത്തുന്ന തങ്കയങ്കിയും വഹിച്ചുകൊണ്ടുള്ള രഥ ഘോഷയാത്രയുടെ മൂന്നാം ദിന യാത്ര തുടരുന്നു. തങ്കയങ്കി ഘോഷയാത്ര മൈലാടുപാറ കഴിഞ്ഞു. നാലാം ദിനമായ നാളെ ഉച്ചയ്ക്ക് പമ്പയിലെത്തും.***

***വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**PREZ RASHTRIYA BAL PURASKAR**

പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും. 18 സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമായി 20 കുട്ടികളെ ഈ വർഷം പുരസ്കാരത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. വീർ ബാൽ ദിവസ് പ്രചാരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന പരിപാടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യുമെന്ന് വനിതാ-ശിശു വികസന മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&

&&&&&&&&

&&&&&&